**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1571** **08-12-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് മേഖലയിലെ അധ്യാപക അനധ്യാപക തസ്തികകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് മേഖലയിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ; | (എ) | എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/2021 നമ്പർ റിട്ട് പെറ്റീഷന്റെ 10.08.2022 ലെ വിധിന്യായം അനുസരിച്ച്, 07.02.1996 മുതൽ 18.04.2017 വരെ മൂന്ന് ശതമാനവും, 19.04.2017 മുതൽ നാല് ശതമാനവും സംവരണം പാലിച്ച് നിയമനം നടത്തുന്നതിനും, പ്രസ്തുത കാലയളവിൽ നടത്തിയ നിയമനങ്ങളുടെ ബാക്ക് ലോഗ് തയ്യാറാക്കി, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ അംഗീകാരം ലഭ്യമാക്കുന്നതിനും, അത്തരത്തിൽ കണക്കാക്കിയ ഒഴിവുകളിൽ നിയമനം നടത്താൻ 25.06.2022 ലെ സ.ഉ(കൈ) നം. 111/2022/പൊ.വി.വ, 19.09.2022 ലെ സ.ഉ (കൈ) നം. 162/2022/പൊ.വി.വ, 28.10.2022 ലെ ജെ3/49/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23.11.2022 ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും പൊതുവിദ്യാഭ്യാസം, തൊഴിൽ എന്നീ വകുപ്പുകൾ പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പും ലഭ്യമാക്കുമോ; | (ബി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഭിന്നശേഷി നിയമനം കൃത്യമായി നടത്താത്തതുമൂലം നിയമന അംഗീകാരം ലഭിക്കാത്ത എത്ര അദ്ധ്യാപകർ സംസ്ഥാനത്തുണ്ടെന്നുള്ള കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; ഇവർക്ക് നിയമന അംഗീകാരം നൽകുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ; | (സി) | ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 535<br>കൊല്ലം - 497<br>പത്തനംതിട്ട - 163 |

ആലപ്പുഴ - 725

കോട്ടയം - 833

ഇടുക്കി - 182

എറണാകുളം - 780

തൃശ്ശൂർ - 808

പാലക്കാട് - 999

മലപ്പുറം - 1799

കോഴിക്കോട് - 1128

വയനാട് - 99

കണ്ണൂർ - 1122

കാസറഗോഡ് - 243

**ആകെ - 9913**

ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ വിവരം ശേഖരിച്ചു വരുന്നു.

07.02.1996 മുതൽ 18.04.2017 വരെ മൂന്ന് ശതമാനവും, 19.04.2017 മുതൽ നാല് ശതമാനവും നിയമനങ്ങൾ ഭിന്നശേഷി വിഭാഗത്തിനായി മാറ്റി വയ്ക്കുന്ന തരത്തിൽ റോസ്റ്റർ തയാറാക്കി അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുവാനും, അത്തരത്തിൽ തയാറാക്കിയ റോസ്റ്ററിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ എണ്ണം ഉദ്യോഗാർത്ഥികളെ വിട്ടു നൽകാൻ എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകുവാനും, ലഭ്യമാകുന്ന ഉദ്യോഗാർത്ഥികളെ നിയമിച്ച് അംഗീകരിക്കുന്ന മുറയ്ക്ക്, നിലവിൽ വ്യവസ്ഥാപിത ഒഴിവിൽ നിയമിക്കപ്പെട്ട അംഗീകാരം ലഭ്യമാകാത്ത ജീവനക്കാരുടെ നിയമനം അംഗീകരിക്കാവുന്നതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

റോസ്റ്റർ തയാറാക്കി സമന്വയ മുഖാന്തിരം സമർപ്പിക്കാൻ 10.12.2022 വരെ സമയപരിധി അനുവദിച്ചിട്ടുണ്ട്. മാനേജർമാർ അവരുടെ കീഴിൽ വരുന്ന നിയമനങ്ങളുടെ റോസ്റ്റർ തയാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക്, അത് പരിശോധിച്ച്

| | | | |
|---|---|---|---|
| | | | അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ അംഗീകാരം നൽകുന്നതാണ്. |
| (ഡി) | കേരളത്തിൽ വിവിധ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിലേക്ക് മതിയായ അദ്ധ്യാപക യോഗ്യതയുള്ള ഭിന്നശേഷിക്കാരായ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി ഹൈസ്കൂൾ വിഭാഗം ലാംഗ്വേജ്, സോഷ്യൽ സയൻസ്, ഫിസിക്കൽ സയൻസ്, നാച്വറൽ സയൻസ്, മാത്തമാറ്റിക്സ് എന്നീ വിഭാഗങ്ങളിൽ മതിയായ അദ്ധ്യാപക യോഗ്യതയുള്ള ഭിന്നശേഷിക്കാരായ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള കണക്ക് , എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ച് ലഭ്യമാക്കുമോ; | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |
| (എഫ്) | ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കുള്ള ബാക്ക് ലോഗ് തയ്യാറാക്കുമ്പോൾ നിയമന നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി വിവിധ കാറ്റഗറികളിലെ റൊട്ടേഷൻ നിശ്ചയിച്ച് മതിയായ അദ്ധ്യാപന യോഗ്യതയുള്ളവരുടെ ഒറ്റ ലിസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

നം.എച്ച്2/295299/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 23.11.2022
ഫോൺ നം -0471 2580515
Email: supdth.dge@kerala.gov.in

## സർക്കുലർ

വിഷയം:- പൊ.വി - എയ്ഡഡ് സ്കൂൾ നിയമനം - ഭിന്നശേഷി സംവരണം നടപ്പാക്കുന്നത്- മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:-
1 റിട്ട് ഹർജി (സി) നമ്പർ 19808/21 ൽ ബഹു. ഹൈക്കോടതി 10/08/2022 ന് പുറപ്പെടുവിച്ച വിധിന്യായം.
2 സർക്കാർ ഉത്തരവ് (പി) നമ്പർ 18/2018/സ.നി.വ തീയ്യതി, 18/11/2018.
3 സർക്കാർ ഉത്തരവ് (പി) 5/2019/സ.നി.വ തീയ്യതി 07/05/2019
4 സർക്കാർ ഉത്തരവ് (പി) 19/2020/സ.നി.വ തീയ്യതി 25/08/2020
5 സർക്കാർ ഉത്തരവ് (പി) നമ്പർ 19/2021/പൊ.വി.വ തീയ്യതി 08/11/2021.
6 സർക്കാർ ഉത്തരവ് (കൈ) നമ്പർ 111/2022/പൊ.വി.വ തീയ്യതി 25/06/2022.
7 എംപ്ലോയ്മെന്റ് ഡയറക്ടറുടെ 13/07/2022 ലെ ജി.ഇ/2612/2022/ എൽ3 നമ്പർ കത്ത്.
8 സർക്കാർ ഉത്തരവ് (കൈ) 162/22/പൊ.വി.വ തീയ്യതി 19/09/2022.
9 സർക്കാർ ഉത്തരവ് (പി) 7/2022/സ.നി.വ തീയ്യതി 28/10/2022.
10 സർക്കാർ കത്ത് നമ്പർ ജെ3/49/പൊ.വി.വ തീയ്യതി, 28/10/2022.

*******

1) സംസ്ഥാനത്തെ എയ്ഡഡ് പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ നിയമനങ്ങളിൽ പി.ഡബ്ല്യു.ഡി ആക്ട് 1995 പ്രകാരം 07/02/1996 മുതൽ 18/04/2017 വരെ 3% സംവരണവും, ആർ.പി.ഡബ്ല്യു.ഡി ആക്ട് 2016 പ്രകാരം 19/04/2017 മുതൽ 4% സംവരണവും പാലിക്കേണ്ടതുണ്ട്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ നിലനിന്നിരുന്ന റിട്ട് ഹർജി നമ്പർ 19808/21 ലും മറ്റ് അനുബന്ധ ഹർജികളിലും എയ്ഡഡ് മേഖലയിൽ ഭിന്നശേഷി സംവരണം പാലിക്കുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്.

2) പൊതു വിദ്യാഭ്യാസ വകുപ്പിലെ എയ്ഡഡ് മേഖലയിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (6) ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്നശേഷി നിയമനത്തിന് അനുയോജ്യമെന്ന് സാമൂഹ്യ നീതി വകുപ്പ് കണ്ടെത്തിയ തസ്തികകളിലാണ് സംവരണം നടപ്പാക്കേണ്ടത്. ഇതിലേക്കായി എയ്ഡഡ് മേഖലയിലെ തസ്തികകളെ പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി (സീനിയർ), ഹയർ സെക്കന്ററി (ജൂനിയർ), വൊക്കേഷണൽ

ഹയർ സെക്കന്ററി (സീനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി (ജൂനിയർ), നോൺ ടീച്ചിങ്ങ് എന്നിങ്ങനെ ഏഴ് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളിലെ 07/02/1996 മുതലുള്ള ഒഴിവുകൾ കണക്കാക്കി ബാക് ലോഗ് തയ്യാറാക്കേണ്ടതും, അപ്രകാരം ലഭിക്കുന്ന ഒഴിവുകളുടെ എണ്ണം ഭിന്നശേഷി നിയമനത്തിനായി മാറ്റി വക്കേണ്ടതുമാണ്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/22/പൊ.വി.വ തീയ്യതി 19/09/2022 പ്രകാരം, 18/11/2018 മുതൽ ഉണ്ടാകുന്ന ഒഴിവുകളിലാണ് 07/02/1996 മുതൽ 18/04/2017 വരെ 3% സംവരണവും, 19/04/2017 മുതൽ 4% സംവരണവും പാലിച്ച് ബാക് ലോഗ് ഉൾപ്പെടെയുള്ള ഭിന്നശേഷി സംവരണ നിയമനം നടപ്പാക്കേണ്ടത്.

3) 18/11/2018 മുതൽ ഉണ്ടായതും, ഇതുവരെ അംഗീകരിക്കപ്പെടാത്തതുമായ ഒഴിവുകളിൽ ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തി കഴിഞ്ഞ് മാത്രമേ റഗുലറായുള്ള മറ്റ് നിയമനങ്ങൾ അംഗീകരിക്കാവൂ. ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ജി.ഒ (കൈ) 111/2022/പൊ.വി.വ തീയ്യതി 25/06/2022 ലേയും, ജി.ഒ (കൈ) 162/22/പൊ.വി.വ തീയ്യതി 19/09/2022 ലേയും, 28/10/2022 ലെ ജെ3/49/2021/പൊ.വി.വ സർക്കാർ കത്തിൻറേയും അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. പരാമർശം (6) സർക്കാർ ഉത്തരവിൽ പ്രതിപാദിക്കും പ്രകാരം 07/02/1996 മുതൽ 18/04/2017 വരെ ഉണ്ടായ ഒഴിവുകളുടെ 3% വും, 19/04/2017 മുതലുള്ള ഒഴിവുകളുടെ 4 % വും കണക്കാക്കി, ആദ്യ ഒഴിവ് ഭിന്നശേഷി സംവരണത്തിനായി മാറ്റി വെക്കണം.

ii. ഭിന്നശേഷി സംവരണത്തിനായി തസ്തികകളെ പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി (സീനിയർ), ഹയർ സെക്കന്ററി (ജൂനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി (സീനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി (ജൂനിയർ), നോൺ ടീച്ചിങ്ങ് എന്നീ വിഭാഗങ്ങളായി തിരിക്കേണ്ടതാണ്.

iii. ഇപ്രകാരം തരം തിരിച്ച ഓരോ വിഭാഗം തസ്തികകളിലും 07.02.1996 മുതൽ നാളിതുവരെ നടത്തിയ നിയമനം പരിശോധിച്ച്, ഭിന്നശേഷിക്കാർക്ക് നൽകേണ്ടിയിരുന്ന ഒഴിവുകളുടെ എണ്ണം കണ്ടെത്തണം. ഇപ്രകാരം കണക്കാക്കുന്നതിനായി മാനേജർ സമന്വയ ലോഗിനിൽ ലഭ്യമാകുന്ന അനുബന്ധം – I മാതൃകയിൽ ഒഴിവിന്റെ വിശദാംശങ്ങളും, സാക്ഷ്യപത്രവും അപ് ലോഡ് ചെയ്യണം.

iv. ഒഴിവുകൾ കണക്കാക്കുമ്പോൾ 07/02/1996 മുതൽ നടത്തിയ പുതിയ നിയമനങ്ങളാണ് പരിഗണിക്കേണ്ടത്. കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 1(1), 43, 51 എ, 51ബി, അദ്ധ്യായം XXIV A ചട്ടം 9എ അവകാശികളുടെ നിയമനവും, സ്ഥാനക്കയറ്റവും ഭിന്നശേഷി സംവരണത്തിന് വേക്കൻസിയായി പരിഗണിക്കേണ്ടതില്ല.

v. സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്നതിനായി സർക്കാരിലേക്ക് വിട്ട് നൽകിയ അധിക തസ്തികയും, എച്ച്.റ്റി.വി തസ്തികയും, പുതുതായി ആരംഭിച്ച / ഉയർത്തപ്പെട്ട സ്കൂളുകളിൽ സംരക്ഷിത അദ്ധ്യാപകർക്കായി നീക്കി വച്ച തസ്തികയും ഭിന്നശേഷി സംവരണത്തിന് വേക്കൻസിയായി പരിഗണിക്കേണ്ടതില്ല.

4) **<u>ഭിന്നശേഷി നിയമനം നടത്തുന്നതിന് മാനേജർമാർ കൈക്കൊള്ളേണ്ട നടപടികൾ.</u>**

i. നിലവിൽ ഒരു മാനേജ്മെന്റിന്റെ കിഴിലുള്ള സ്കൂളുകൾ ഒരു ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ആഫീസ് പരിധിയിലാണ് സ്ഥിതി ചെയ്യുന്നതെങ്കിൽ അത്തരം സ്കൂളുകളിലെ ഒഴിവുകൾ കണക്കാക്കിയ അനുബന്ധം – I, അനുബന്ധം – II സ്റ്റേറ്റ്മെൻറ്, ഒഴിവുകളെ സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ മാനേജർമാർ ബന്ധപ്പെട്ട ഉപജില്ല/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അംഗീകാരത്തിനായി നൽകേണ്ടതാണ്. ഒരു മാനേജ്മെന്റിന് കിഴിലുള്ള സ്കൂളുകൾ ഒന്നിലധികം വിദ്യാഭ്യാസ ജില്ലകളിലായതും, എന്നാൽ ഒരു റവന്യൂ ജില്ലക്ക് ഉള്ളിലുമാണെങ്കിൽ, അവ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ഒന്നിലധികം റവന്യൂ ജില്ലകളിൽ സ്കൂളുകളുള്ള മാനേജ്മെന്റുകൾ അവരുടെ മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകൾ ഒറ്റ യൂണിറ്റായി പരിഗണിച്ച് ബാക് ലോഗ് കണക്കാക്കിയ സ്റ്റേറ്റ്മെന്റ്, ഒഴിവുകളെ സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

ii. ഹയർ സെക്കന്ററി, വൊക്കേഷണല് ഹയർ സെക്കന്ററി വിഭാഗങ്ങളിലെ ഒഴിവുകൾ അനുബന്ധം – I, അനുബന്ധം – II മാതൃകയിൽ തയ്യാറാക്കി സാക്ഷ്യപത്രം സഹിതം മാനേജർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ(HSS)/ അസിസ്റ്റന്റ് ഡയറക്ടർ(VHSE), പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് യഥാവിധി സമർപ്പിക്കേണ്ടതാണ്.

iii. അനുബന്ധം – II ൽ കണക്കാക്കുന്ന ബാക് ലോഗ് ഒഴിവുകൾ ഭിന്നശേഷി സംവരണം നികത്തുന്നതിനായി എംപ്ലോയ്മെന്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരമുള്ള റിക്വസിഷൻ മാതൃകയിൽ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ആഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എംപ്ലോയ്മെന്റ് ആഫീസുകളുടെ പേരും, അവയുടെ അധികാരപരിധിയും ഖണ്ഡിക 4 (x) ചേർത്തിരിക്കുന്നു.

iv. അനുബന്ധം – II പ്രകാരം ലഭ്യമായ ബാക് ലോഗ് ഒഴിവുകളിൽ നിയമിക്കപ്പെടേണ്ട ഭിന്നശേഷി ഉദ്യോഗാർത്ഥികളെ സംബന്ധിച്ച റിക്വസിഷൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതും ആയതിന്റെ പകർപ്പ് സമന്വയയിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഈ നടപടി 2022 ഡിസംബർ 10 നകം പൂർത്തീകരിക്കേണ്ടതാണ്.

v. എംപ്ലോയ്മെന്റ് ആഫീസർ ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നും തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥിയെ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി മാനേജർ നിയമിച്ച് അംഗീകാരത്തിനായി വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കണം.

vi. എംപ്ലോയ്മെന്റ് ആഫീസർ ലഭ്യമാക്കുന്ന ലിസ്റ്റ് നിയമന പ്രപ്പോസലിനൊപ്പം മാനേജർ സമർപ്പിക്കേണ്ടതാണ്.

vii. ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത പക്ഷം എംപ്ലോയ്മെന്റ് ആഫീസറുടെ നോൺ അവയ്ബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ ഉത്തരവ് നമ്പർ 111/22/പൊ.വി.വ തീയ്യതി, 25/06/2022 ന്റെ ഖണ്ഡിക 6 ലെ വ്യവസ്ഥ പ്രകാരം മാനേജര് ഭിന്നശേഷി നിയമനത്തിനായി പത്ര പരസ്യം നൽകേണ്ടതാണ്.

viii. ഇതിനു ശേഷവും മതിയായ ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെ വന്നാൽ ആർ.പി.ഡബ്ല്യു.ഡി ആക്ട് 2016 ലെ സെക്ഷൻ 34(2) ലെ വ്യവസ്ഥകൾ പാലിച്ച് മാനേജർക്ക് നിയമനം നടത്താവുന്നതാണ്.

ix. ഭിന്നശേഷി സംവരണ നിയമനത്തിനായി സെക്കന്ററി തലം വരെയുള്ള ഒഴിവുകൾ സബ് റീജിയണൽ എംപ്ലോയ്മെന്റ് ആഫീസുകളിലും, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ

സെക്കന്ററി വിഭാഗങ്ങളിലെ ഒഴിവുകൾ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ആഫീസുകളിലുമാണ് റിപ്പോർട്ട് ചെയ്യേണ്ടത്. പ്രസ്തുത ഓഫീസുകളുടെ പേരും അവയുടെ അധികാര പരിധിയും ചുവടെ ചേർക്കുന്നു.

x. a) സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ കാര്യാലയവും അവരുടെ അധികാര പരിധിയും

| സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസ് | അധികാരപരിധി (ജില്ലകൾ) |
|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, കാട്ടാക്കട ഒഴികെയുള്ള താലൂക്കുകൾ |
| നെയ്യാറ്റിൻകര | നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകൾ |
| കൊല്ലം | കൊല്ലം, പത്തനംതിട്ട, ആലപ്പുഴ |
| കോട്ടയം | കോട്ടയം, ഇടുക്കി |
| എറണാകുളം | എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം |
| കോഴിക്കോട് | കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് |

b) പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഡിവിഷണൽ ഓഫീസർമാരുടെ കാര്യാലയവും അവരുടെ അധികാര പരിധിയും.

| പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | അധികാരപരിധി (ജില്ലകൾ) |
|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട |
| എറണാകുളം | കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ |
| കോഴിക്കോട് | പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് |

5) **<u>വിദ്യാഭ്യാസ ആഫീസുകളിൽ സ്വീകരിക്കേണ്ട നടപടികൾ.</u>**

i. ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി മാനേജർമാർ തയ്യാറാക്കി സമർപ്പിക്കുന്ന അനുബന്ധം – I, അനുബന്ധം – II സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് അവയുടെ ആധികാരികത ഉറപ്പുവരുത്തി അംഗീകാരം നൽകേണ്ടതാണ്.

ii. ഇപ്രകാരം കണക്കാക്കിയ ഒഴിവുകൾ ബാക് ലോഗ് നിയമനത്തിനായി ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ആഫീസർക്ക് നൽകിയിട്ടുണ്ട് എന്ന് റിക്വസിഷൻ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

iii. മാനേജർ ഭിന്നശേഷി നിയമനത്തിനായി നീക്കിവെക്കുന്ന ഒഴിവ് വ്യവസ്ഥാപിതവും പ്രസ്തുത തീയ്യതിയിൽ നിലനിൽക്കുന്നതുമാണെന്ന് വിദ്യാഭ്യാസ ആഫീസർ ഉറപ്പാക്കേണ്ടതാണ്.

iv. എംപ്ലോയ്മെന്റ് ആഫീസർ ലഭ്യമാക്കിയ ലിസ്റ്റിൽ നിന്നും മാനേജർ നടത്തിയ നിയമനം നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ അംഗീകരിക്കാവുന്നതാണ്.

v. ഭിന്നശേഷിക്കാർക്കായി 18/11/2018 മുതൽ മാറ്റിവെയ്ക്കേണ്ടിയിരുന്ന വ്യവസ്ഥാപിത ഒഴിവുകളിൽ നിയമിക്കപ്പെട്ട് നിലവിൽ ജോലി ചെയ്തു വരുന്നവർക്ക്, പ്രസ്തുത ഒഴിവുകളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ആവശ്യപ്പെട്ട് മാനേജർ എംപ്ലോയ്മെന്റ് ആഫീസർക്ക് റിക്വസിഷൻ നൽകുന്നപക്ഷം, അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഒഴിവുകളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവരെ മറ്റ് വിധത്തിൽ ക്രമമെങ്കിൽ, ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം നൽകാവുന്നതാണ്.

vi. ഇതിനോടകം സമർപ്പിക്കപ്പെട്ടതും എന്നാൽ ഭിന്നശേഷി സംവരണ വ്യവസ്ഥ പാലിക്കാത്തതിനാൽ നിരസിക്കപ്പെട്ടതുമായ നിയമന പ്രപ്പോസലുകൾ, മേൽ വ്യവസ്ഥകൾ പാലിച്ച് മാനേജർ പുനഃസമർപ്പിക്കുന്ന പക്ഷം, അവ അപ്പലേറ്റ് ഉത്തരവില്ലാതെ തന്നെ പരിഗണിച്ച് തീർപ്പ് കൽപ്പിക്കാവുന്നതാണ്.

vii. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതുമൂലം പുറത്താകുന്ന ജീവനക്കാർക്ക് അതാത് മാനേജ്മെൻറിൽ ഭിന്നശേഷി സംവരണത്തിനായി മാറ്റിവെക്കുന്ന ഒഴിവുകളിലൊഴികെ പുനർനിയമനത്തിന് മുൻഗണന നൽകേണ്ടതാണ്.

viii. ഭിന്നശേഷി സംവരണം നടപ്പാക്കാത്തതുമൂലം, നിയമനം അംഗീകരിക്കപ്പെടാതെ തുടർന്ന് വരുന്ന റഗുലർ ജീവനക്കാരുടെ നിയമനം, ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ച മുഴുവൻ ഒഴിവുകളിലും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ സേവനത്തിൽ പ്രവേശിക്കുന്ന മുറയ്ക്ക് പുനഃപരിശോധിച്ച് ചട്ടപ്രകാരം അംഗീകരിക്കാവുന്നതാണ്.

ix. മതിയായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെ വന്നാൽ മേൽ ഖണ്ഡിക 4 (vii), 4 (viii) ലെ വ്യവസ്ഥകൾ പ്രകാരം മാനേജർ നടപടികൾ കൈക്കൊള്ളുന്നുവെങ്കിൽ ആയത് പരിശോധിച്ച് ചട്ടപ്രകാരമെന്ന് ഉറപ്പുവരുത്തിയശേഷം പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ :

1) എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി അഡീഷണൽ ഡയറക്ടർമാർക്കും
3) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5) എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖേന)
6) എംപ്ലോയ്മെന്റ് ഡയറക്ടർ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് (കേരളം), തിരുവനന്തപുരം.
7) ചീഫ് എക്സി. ഓഫീസർ, കൈറ്റ്, തിരുവനന്തപുരം - (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

# ഫോർമാറ്റ് – I

07.02.1996 മുതൽ 18.04.2017 വരെയും, 19.04.2017 മുതലും മാനേജ്മെന്റിൽ ഉണ്ടായ ഒഴിവുകളുടെ വിവരം കാറ്റഗറി തിരിച്ച്

| മാനേജ്മെന്റ് | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമ നം. | സ്കൂളിന്റെ പേര്, കോഡ് | റവന്യൂ ജില്ല | വിദ്യാഭ്യാസ ആഫീസ് പേര് (ഡി.ഇ.ഒ /എ.ഇ.ഒ/ ആർ.ഡി.ഡി/ എ.ഡി | തസ്തിക | ഒഴിവുണ്ടായ തീയ്യതി | ഒഴിവിന്റെ സ്വഭാവം (റിട്ടയർമെന്റ് /രാജി/മരണം/പ്രമോഷൻ/ദീർഘകാല അവധി/അധിക ഡിവിഷൻ ഒഴിവ്/സർക്കാരിലേക്ക് വിട്ട് നൽകിയത് ഒഴികെ | നിയമനം നടത്തിയ തീയ്യതി | നിയമനത്തിന്റെ സ്വഭാവം (Direct/Transfer/ R-43 /51A/51B/R1(1)/ Protected Teacher/Daily wage) | ഭിന്നശേഷി നിയമനത്തിന് പരിഗണനാർഹമാണോ (Y/N) |
| A | B | C | D | E | F | G | H | I | I |
| കാറ്റഗറി – 1 (പ്രൈമറി തലത്തിലെ ഭാഷ, സ്പെഷ്യലിസ്റ്റ്, ഉൾപ്പടെയുള്ള എല്ലാ തസ്തികയും, PET ഒഴികെ) | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| കാറ്റഗറി –2 (ഹൈസ്കൂൾ വിഭാഗത്തിലെ സ്പെഷ്യലിസ്റ്റ് പോസ്റ്റ് ഒഴികെയുള്ള എല്ലാ തസ്തികകളും) | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| കാറ്റഗറി –3 (എല്ലാ അനദ്ധ്യാപക തസ്തികകളും) | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| കാറ്റഗറി – 4 (ഹയർസെക്കന്ററി സീനിയർ) | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| കാറ്റഗറി –5 (ഹയർസെക്കന്ററി ജൂനിയർ) | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| കാറ്റഗറി – 6 (വൊക്കേഷണൽ ഹയർസെക്കന്ററി സീനിയർ) | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| കാറ്റഗറി –7 (വൊക്കേഷണൽ ഹയർസെക്കന്ററി ജൂനിയർ) | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

## ഫോർമാറ്റ് – II

### ഭിന്നശേഷി സംവരണത്തിന് ഒഴിവുകളെ കാറ്റഗറി തിരിച്ച് ക്രോഡീകരിച്ച കണക്കുകൾ

മാനേജ്മെന്റ്

| ക്രമ നം | കാറ്റഗറി | ജി.ഒ (പി) III/2022/പൊ.വി.വ തിയ്യതി 25.06.2022 പ്രകാരം 7.02.96 മുതൽ 18.04.17 വരെ ഭിന്നശേഷിക്കാർക്ക് യോഗ്യമായ ഒഴിവുകളുടെ | | ജി.ഒ (പി) III/2022/പൊ.വി.വ തിയ്യതി 25.06.2022 പ്രകാരം 19.04.2017 മുതൽ ഭിന്നശേഷിക്കാർക്ക് യോഗ്യമായ ഒഴിവുകളുടെ | | ബാക് ലോഗ് ആയി നിയമനം നടത്തേണ്ട ഒഴിവുകളുടെ എണ്ണം | 07.02.1996 മുതൽ 25.06.2022 വരെ മാനേജ്മെന്റിൽ നടത്തിയ ഭിന്നശേഷി നിയമനത്തിന്റെ എണ്ണം | ബാക് ലോഗ് അനുസരിച്ച് ഇനിയും ഭിന്നശേഷി നിയമനം നടത്തേണ്ട ഒഴിവുകളുടെ എണ്ണം (G-H) | ഭിന്നശേഷി ബാക് ലോഗ് നിയമനത്തിനായി ലഭ്യമായ ഒഴിവ് | | | എംപ്ലോയ്മെന്റിൽ റിപ്പോർട്ട് ചെയ്ത ഒഴിവ് | ബാക് ലോഗ് നിയമനത്തിന് എംപ്ലോയ്മെന്റിൽ റിപ്പോർട്ട് ചെയ്യാൻ കുടിശ്ശികയായി നിലവിലുള്ള ഒഴിവ് (I-L) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | എണ്ണത്തിന്റെ 3% | എണ്ണം | എണ്ണത്തിന്റെ 4% | | | | 18.11.2018 ന് ശേഷം നടത്തിയ നിയമനങ്ങളിൽ അംഗീകാരം ഇല്ലാതെ ഇടരുന്നവരുടെ എണ്ണം | നിയമനം നടക്കാതെ ഒഴിഞ്ഞ് കിടക്കുന്നവയുടേയും എണ്ണം | ആകെ | | |
| A | B | C | D | E | F | G | H | I | J | K | L | M | N |
| | I | | | | | | | | | | | | |
| | II | | | | | | | | | | | | |
| | III | | | | | | | | | | | | |
| | IV | | | | | | | | | | | | |
| | V | | | | | | | | | | | | |
| | VI | | | | | | | | | | | | |
| | VII | | | | | | | | | | | | |

# <u>സത്യപ്രസ്താവന</u>

.................................................................. സ്കൂളിന്റെ/മാനേജ്മെന്റിന്റെ മാനേജറായ ഞാൻ എന്റെ മാനേജ്മെന്റിന് കീഴിലുള്ള എല്ലാ എയ്ഡഡ് സ്കൂളുകളിലേയും, 07.02.1996 മുതലുള്ള എല്ലാ ഒഴിവുകളും ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിന് ബാക് ലോഗായി കണക്കാക്കി ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തിയ്യതി.

മാനേജർ

GOVERNMENT OF KERALA

**Abstract**

Social Justice Department- Reservation for Persons with Disabilities- Providing 4% reservation as per the provisions of Rights of Persons with Disabilities Act 2016 and ensuring 3% reservation as per the provisions of Persons with Disabilities Act 1995 in aided schools and aided colleges including professional colleges- Orders issued.

**SOCIAL JUSTICE ( D ) DEPARTMENT**

**G.O.(P)No.18/2018/SJD** Dated,Thiruvananthapuram, 18/11/2018

Read 1. G O (P) No : 20/1998/P&ARD dated 14/07/1998
2. G O (P) No : 50/2007/ SWD dated 15.9.2007
3. G O (P) No : 31/2008/SWD dated 19/05/2008
4. G O (P) No : 46/2008/ SWD dated 19/07/2008
5. G O (P) No : 61/2012/ SWD dated 17/10/2012
6. G O (P) No : 1/2013/SJD dated 3/1/2013
7. G O (P) No : 30/2013/SJD dated 4/4/2013
8. G O (P) No : 1/2015/SJD dated 5/1/2015
9. G O (P) No : 18/2017/SJD dated 14/9/2017

**ORDER**

As per section 33 of Persons with Disabilities (Equal Opportunities, Protection of Rights & Full Participation) Act 1995, every appropriate Government shall appoint in every establishment such percentage of vacancies not less than 3% for persons or class of Persons with Disability of which 1% each shall be reserved for persons suffering from (i) Blindness or low vision (ii) hearing impairment (iii) Locomotor disability or cerebral palsy in the posts identified for each disability. And as per section 2(k) of Persons with Disabilities (Equal Opportunities, Protection of Rights & Full Participation) Act 1995, establishment means a corporation established by or under a Central, Provincial or State Act or an authority or a body owned or controlled or aided by the Government or a local authority or a Government company as defined in section 617 of the Companies Act, 1956 (1 of 1956), and includes Departments of a Government.

2. As per the Government Order read as 1st paper above Government had introduced a scheme for reserving 3% vacancies in Class III, Class IV posts in Public Services for appointment from Persons with Disabilities as envisaged in section 33 of Persons with Disabilities (Equal Opportunities Protection of Rights and Full Participation) Act 1995. As per this scheme the District Collector was the Chairman of the selection committee for the appointment of Persons with Disabilities. As per Government Order read as 2nd paper above Government entrusted the selection process of Persons with Disabilities to 3% vacancies in all classes earmarked for them to Kerala Public Service Commission with effect from 1.1.2004. But the modalities of appointment and turn of Persons with Disabilities were fixed only as per G.O read as 4th paper above. Accordingly Kerala Public Service Commission started the selection process of Persons with Disabilities.

3. The 3% reservation in appointments in aided schools and aided colleges were not ensured from 7.2.1996, the date in which Persons with Disabilities Act 1995 came into force, as the appointments were not made through Kerala Public Service Commission or through the selection committee chaired by the District Collectors.

4.The Rights of Persons With Disabilities Act 2016 came into force on 19.4.2017. As per section 34 (1) of Rights of Persons With Disabilities Act 2016 , "*Every appropriate Government shall appoint in every Government establishment, not less than four percent of the total number of vacancies in the cadre strength in each group of posts meant to be filled with persons with benchmark disabilities of which, one per cent each shall be reserved for persons with benchmark disabilities under clauses (a), (b) and (c) and one per cent for persons with benchmark disabilities under clauses (d) and (e) namely :- (a) blindness and low vision; (b) deaf and hard of hearing; (c)locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy ; (d) autism, intellectual disability, specific learning disability and mental illness ; (e) multiple disabilities from amongst persons under clauses (a) to (d) including deaf – blindness in the posts identified for each disabilities.*

5. As per Section 2(k) of the Act, a "*Government Establishment*" is defined as a corporation established by or under a Central Act or State Act or an authority or a body owned or controlled or *aided by the Government* or a local authority or a Government company as defined in section 2 of the Companies Act, 2013 (18 of 2013) and includes a Department of the Government.

6. The Government examined the matter in detail and are pleased to extend the provisions of section 2(k) of Persons with Disabilities (Equal Opportunities Protection of Rights and Full Participation) Act 1995 and Rights of Persons with Disabilities Act 2016 to all educational institutions getting Government aid such as staff salary and other allowances, maintenance grant etc. with effect from 7.2.1996. The following instructions should be given to all appointing authorities of such aided institutions by the concerned Administrative Departments immediately.

i) To ensure 3% reservation of the total number of vacancies in the cadre strength in appointments in aided schools and aided colleges including professional colleges to the posts which are identified as suitable for persons with disabilities and issued vide Government Orders read as 5th to 9th papers above, with effect from 7.2.1996 and to fill the backlog from 7.2.1996 to 18.4.2017 as per the provisions of Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act 1995 with immediate effect.

ii) To provide 4% reservation of the total number of vacancies in the cadre strength in appointments in aided schools and aided colleges including professional colleges to the posts which are identified / to be identified as suitable for persons with disabilities with effect from 19.04.2017 as per the provisions of Rights of Persons with Disabilities Act 2016.

(By order of the Governor)
**BIJU PRABHAKAR IAS**
**SPECIAL SECRETARY**

To

All Departments in Secretariat
All Heads of Departments
The State Commissioner for Persons with Disabilities, Thiruvananthapuram
The Director, Social Justice Department
The Director, Women & Child Development Department
The Accountant General ( G & SSA/A & E), Kerala,Thiruvananthapuram
The Information and Public Relations(Web & New Media)Department

Forwarded/By order

Section Officer

5792

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- 2016 ലെ അംഗപരിമിതാവകാശ നിയമം-അംഗപരിമിതർക്കുള്ള തൊഴിൽ സംവരണം-അദ്ധ്യാപക തസ്തികകളിലെ അംഗപരിമിത സംവരണ ഉത്തരവിന് വ്യക്തത/സ്പഷ്ടീകരണം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(അച്ചടി)നം.5/2019/സാ.നീ.വ തീയതി തിരുവനന്തപുരം, 7.5.2019

---

പരാമർശം:- 1. സ.ഉ(അച്ചടി)നം.61/2012/സാ.നീ.വ തീയതി 17.10.2012

2. സ.ഉ(അച്ചടി)നം.1/2013/സാ.നീ.വ തീയതി 3.1.2013

3. സ.ഉ(അച്ചടി)നം.30/2013/സാ.നീ.വ തീയതി 4.14.2013

4. സ.ഉ(അച്ചടി)നം.20/2018/സാ.നീ.വ തീയതി 26.11.2018

5. എക്സ്പെർട്ട് കമ്മിറ്റിയുടെ 23.1.2019 ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്

6. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 19.3.2019 ലെ AVIII(1)4068/03/GW/DY4 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം 1 പ്രകാരം താഴെ പറയുന്ന അദ്ധ്യാപക തസ്തികകൾ വിവിധ അംഗപരിമിത വിഭാഗങ്ങൾക്ക് അനുയോജ്യമായി കണ്ടെത്തിയിരുന്നു.

1. Higher Secondary School Teacher (Arts & commerce) - Locomotor Disability/Cerebral Palsy, Blindness, Low Vision

2. Higher Secondary School Teacher (Science) - Locomotor Disability/Cerebral Palsy, Blindness, Low Vision

3. Higher Secondary School Teacher Jr. (Arts & commerce) - Locomotor Disability/Cerebral Palsy, Blindness, Low Vision

4. Higher Secondary School Teacher Jr. (Science) - Locomotor Disability/Cerebral Palsy, Low Vision

5. Vocational Teacher / Vocational Instructor - Locomotor Disability/Cerebral Palsy, Low Vision, Hearing impairment

6. Non Vocational Teacher (Sr) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

7. Non Vocational Teacher (Jr) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

പരാമർശം 2 ലെ ഉത്തരവിൽ താഴെ പറയുന്ന അദ്ധ്യാപക തസ്തികകൾ അവയ്ക്കു നേരെ സൂചിപ്പിച്ചിട്ടുള്ള വിവിധ അംഗപരിമിത വിഭാഗങ്ങൾക്ക് അനുയോജ്യമായി കണ്ടെത്തി ഉത്തരവായിട്ടുണ്ട്.

1. Teachers (Primary) - Locomotor Disability/Cerebral Palsy, Low Vision

2. HSA (Languages and Social Studies ) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision, Blindness

3. Craft Teacher - Locomotor Disability/Cerebral Palsy, Low Vision

4. Music Teacher - Blindness / Low Vision

5. Part time instrumental music teacher - Blindness / Low Vision

6. High School Assistant (Science) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

7. High School Assistant (Physical Science) - Locomotor Disability/Cerebral Palsy, Hearing Impairment

8. Teacher Grade II (Upper & Lower Primary School) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

9. Teacher (Rattan workers - Higher Secondary School ) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

10. Teacher (Drawing-cum-Needle work- Upper & Lower primary School - Locomotor Disability/Cerebral Palsy, Hearing Impairment.

11. LPSA/UPSA - Locomotor Disability/Cerebral Palsy, Low Vision , Blindness

പരാമർശം 3 ലെ ഉത്തരവ് പ്രകാരം താഴെ പറയുന്ന അദ്ധ്യാപക തസ്തികകൾ അവയ്ക്കു നേരെ സൂചിപ്പിച്ചിട്ടുള്ള വിവിധ അംഗപരിമിത വിഭാഗങ്ങൾക്ക് അനുയോജ്യമായി കണ്ടെത്തി ഉത്തരവായിട്ടുണ്ട്.

1. High School Assistant (Physical Science) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

2. High School Assistant / UPSA Urdu - Locomotor Disability/Cerebral Palsy, Low Vision

പരാമർശം 4 ലെ ഉത്തരവ് പ്രകാരം എല്ലാ അദ്ധ്യാപക തസ്തികകളും ഇതുവരെ സംവരണം അനുവദിക്കാതിരുന്ന ലോ വിഷൻ, ഹിയറിങ് ഇമ്പയർമെന്റ് വിഭാഗങ്ങൾക്ക് അനുയോജ്യമായി കണ്ടെത്തി ഉത്തരവായിട്ടുണ്ട്.

ടി ഉത്തരവിൽ എല്ലാ അദ്ധ്യാപക തസ്തികകളിലും ലോ വിഷൻ, ഹിയറിങ് ഇമ്പയർമെൻറ് വിഭാഗങ്ങൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ടോയെന്ന സംശയമുളവാക്കുന്നുവെന്നും വിവിധ അദ്ധ്യാപക തസ്തികകളുടെ നിയമന നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണെന്നും അതിനാൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, തുടങ്ങി വിവിധ വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ അദ്ധ്യാപക തസ്തികകൾ , പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള LPSA , UPSA HSA , Junior Language Teacher തുടങ്ങിയവർക്കായുള്ള ഭിന്ന ശേഷി സംവരണം സംബന്ധിച്ച ഏതൊക്കെ തസ്തികകളിൽ ഏതൊക്കെ ഭിന്നശേഷിക്കാർ അനുയോജ്യരാണെന്ന സൂചിപ്പിച്ചുകൊണ്ടുമുള്ള ഏകീകൃതവും വ്യക്തവുമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുവാൻ പരാമർശം ( പ്രകാരം പി.എസ്.സി ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശിച്ച 1, 2, 3 ഉത്തരവുകളെല്ലാ നിലനിൽക്കുന്നതിനോടൊപ്പമാണ് പരാമർശം 4 ഉത്തരവ് പുറപ്പെടുവിച്ചത്. അതിനാൽ പരാമർശം ഉത്തരവിനോടൊപ്പം പരാമർശം 1, 2, 3 ഉത്തരവുകളും നിലനിൽക്കുന്നതാണ് എന്ന വ്യക്തമാക്കിക്കൊണ്ടും എല്ലാ അദ്ധ്യാപക തസ്തികകളും യോഗ്യത കോഴ്സിന് പ്രവേശനമുള്ള എല്ലാ അംഗപരിമിത വിഭാഗങ്ങൾക്കും (Low vision/Blindness, Hearing impairment, Locomot disability/cerebral palsy) അനുയോജ്യമാണെന്ന് സ്പഷ്ടീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഓരോ അദ്ധ്യാപക തസ്തികയിലേയും യോഗ്യത കോഴ്സിലേയ്ക്ക് ഏതൊക്കെ വിഭാഗം അംഗപരിമിതർക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ടെന്ന വിഷയം, ടി തസ്തികയിലേയ്ക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനു മുൻപ് നിയമനാധികാരിയുമായി കൂടിയാലോചിച്ച് പി.എസ്.സി ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കന്ററി, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സാമൂഹ്യനീതിവകുപ്പ്- ഭിന്ന ശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ കോമൺ കാറ്റഗറി തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (ഡി) വകുപ്പ്**

**സ.ഉ(അച്ചടി) നം. 19/2020/സാ.നീ.വ** **തീയതി തിരുവനന്തപുരം, 25.8.2020**

പരാമർശം- 1. സ ഉ (പി) നം: 1/2009/സാ ക്ഷേ വ, തിയതി 10.02.2009
2. സ ഉ (പി) നം: 1/2013/സാ നീ വ, തിയതി 03.01.2013
3. സ ഉ (പി) നം: 8/2018/സാ നീ വ, തിയതി 19.06.2018
4. സ ഉ (പി) നം:14/2018/സാ നീ വ, തിയതി 16.10.2018
5. സ ഉ (പി) നം: 12/2019/സാ നീ വ, തിയതി 31.10.2019
6. 10.2.2020 ലെ എക്സ്പെർട്ട് കമ്മിറ്റി യോഗത്തിന്റെ നടപടി കുറിപ്പ്

**<u>ഉത്തരവ്</u>**

Persons with Disabilities (Equal Opportunities and Full Participation) Act 1995 section 32 ഭിന്ന ശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുവാനും ആയത് അവർക്കായി സംവരണം ചെയ്യണമെന്നും അനുശാസിക്കുന്നു. ആയത് നടപ്പിലാക്കുന്നതിനായി ടി ആക്ടിന്റെ സെക്ഷൻ 33 ൽ വിവക്ഷിക്കുന്ന 3 ഭിന്ന ശേഷി വിഭാഗങ്ങൾക്ക് ( (i) blindness or low vision (ii) hearing impairment (iii) locomotor disability or cerebral palsy ) അനുയോജ്യമായ തസ്തികകൾ കണ്ടെത്തിക്കൊണ്ട് പരാമർശം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. Persons with Disabilities ( Equal Opportunities and Full Participation) Act 1995 റദ്ദ് ചെയ്തുകൊണ്ട് നിലവിൽ വന്ന Rights of Persons with Disabilities Act 2016 ന്റെ section 34 പ്രകാരം ഭിന്ന ശേഷി സംവരണം മൂന്നിൽ നിന്നും നാലായി ഉയർത്തുന്നതിനും ആയത് താഴെപ്പറയും പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

a) blindness and low vision

b) deaf and hard of hearing

c) locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy:

d) autism, intellectual disability, specific learning disability and mental illness.

e) multiple disabilities from amongst persons under clauses (a) to (d) including deaf-blindness .

3. ടി ആക്ടിന്റെ Section 34 ൽ പ്രതിപാദിക്കുന്ന ഭിന്നശേഷി വിഭാഗങ്ങൾക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനു ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കണമെന്ന് സെക്ഷൻ 33(ii) വിവക്ഷിച്ചിരിക്കുന്നു. ആയത് പരാമർശം 3 പ്രകാരം രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്.

4. സംസ്ഥാന സർക്കാർ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം 3% ത്തിൽ നിന്നും 4%

ആയി ഉയർത്തി പരാമർശം 5 പ്രകാരം പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. പരാമർശം 4 പ്രകാരം രൂപീകരിച്ച സബ് കമ്മിറ്റിയുടെ 29.11.2018 ലെ യോഗതീരുമാന പ്രകാരം നിലവിൽ 3% സംവരണം നൽകുന്നതിനായി കണ്ടെത്തിയ തസ്തികകളിൽ, 4% സംവരണം അനുവദിക്കുവാൻ ഷോർട്ട് ലിസ്റ്റ് ചെയ്ത തസ്തികകളുടെ physical & functional requirement പരിശോധിക്കുന്നതിനായി വിദഗ്ധരുടെ ഒരു വർക്ക് ഷോപ്പ് സംഘടിപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. ഇത്തരത്തിൽ ശില്പശാല സംഘടിപ്പിക്കുകയും ഭിന്നശേഷിക്കാർക്കായി കണ്ടെത്തിയ കോമൺ കാറ്റഗറി തസ്തികകളുടെ ജോലിയുടെ സ്വഭാവത്തിന്റെയും 2018 ലെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Disability Assessment Guideline ന്റെയും അടിസ്ഥാനത്തിൽ ഓരോ തസ്തികയുടെയും Physical & Functional requirements തയ്യാറാക്കി എക്സ്പെർട്ട് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും ആയത് പൊതുജനാഭിപ്രായത്തിനായി സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. സബ് കമ്മിറ്റിയുടെ ശുപാർശ, പൊതുജനാഭിപ്രായം സഹിതം പരിശോധിച്ച് ടി തസ്തികകളുടെ Functionality assessment തയ്യാറാക്കി സമർപ്പിക്കുവാൻ 5.92019 ലെ എക്സ്പെർട്ട് കമ്മിറ്റി യോഗം നിഷിനെ ചുമതലപ്പെടുത്തുകയും, അപ്രകാരം നിഷ് തയ്യാറാക്കിയ തസ്തികകളുടെ functionality assessment എക്സ്പെർട്ട് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയുണ്ടായി.

7. ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ കോമൺ കാറ്റഗറി തസ്തികകളുടെ Nature of work - ന്റെയും 2018 ലെ കേന്ദ്ര സർക്കാരിന്റെ Disability Assessment Guideline ന്റെയും അടിസ്ഥാനത്തിൽ, Persons with Disabilities (Equal Opportunities and Full Participation)Act 1995 section 32 പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ താഴെപ്പറയുന്ന കോമൺ കാറ്റഗറി തസ്തികളുടെ nature of work പരിശോധിച്ച്, Rights of Persons With Disabilities Act 2016 ലെ section 34 (i) വിവക്ഷിക്കുന്ന ഭിന്ന ശേഷി വിഭാഗങ്ങളുടെ Functional Assessment നടത്തി നിഷ് തയ്യാറാക്കിയ റിപ്പോർട്ട്, പരാമർശം 3 പ്രകാരം രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി പരിശോധിച്ച് നിഷ് തയ്യാറാക്കി സമർപ്പിച്ച ഓരോ തസ്തികയുടെയും Physical Requirement, Disability type, Disability percentage എന്നിവ വിശദമാക്കിക്കൊണ്ട് ടി തസ്തികകൾ ഭിന്നശേഷി വിഭാഗങ്ങൾക്ക് അനുയോജ്യമാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ പരാമർശം 6 പ്രകാരം നടന്ന എക്സ്പെർട്ട് കമ്മിറ്റി യോഗം ശുപാർശ ചെയ്തിട്ടുണ്ട്.

1 Clerk ( LD)

2 Assistant

3 Typist ( LD)

4 Data Entry Operator

5 Confidential Assistants

6 Teachers ( Primary)

7 Proof Reader

8 Binder Grade II

9 Accounts Clerk

10 Accountant

11 Accountant Clerk

12 Assistant Cashier Clerk

13 Junior Accountant

14 Store Keeper

15 Librarian Grade IV

16 Musician

17 Tutor Grade II ( Mridangam, Violin, Veena, Vocal Music)

18 Clerk Typist

19 Clerk cum Typist

20 Typist Clerk

21 HSA ( Languages and Social Studies)

22 Computer Operator

23 Store Clerk

24 Library Assistant

25 Assistant Teacher ( School for Blind)

26 Brailist

27 Craft Teacher

28 Photocopier Operator

29 Telephone Operator

30 Music Teacher

31 Part time Instrumental Music Teacher

32 Artist/Photographer

33 Artist cum Photographer

34 Clerk-cum-Accountant

35 Clerk-cum-Store Keeper

36 Record- cum Store Keeper

37 Record keeper

38 Store cum Record keeper

39 Store Assistant

40 Tally clerk

41 Typist Gr.II

42 Office Assistant

43 Telephone Attendant

44 Lift Operators

45 Female Attendant

46 Packer

47 Gardner

48 Cleaner

49 Sweeper ( Full Time & Part-time)

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം 12 പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ മുൻ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള common category തസ്തികകൾക്ക് അനുബന്ധത്തിൽ ചേർത്തിട്ടുള്ള Physical requirement / Functionality, Disability percentage ഉറപ്പ് വരുത്തിക്കൊണ്ടും 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

9. പ്രസ്തുത തസ്തികയ്ക്ക് 3% സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള Physical requirement / Functionality, Disability percentage മുൻ ഉത്തരവുകളിൽ നിർണയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇനിമേൽ പ്രസ്തുത തസ് തികകളിലേക്കുള്ള സംവരണത്തിനായി അവയ്ക്ക് നേരെ സൂചിപ്പിച്ച Physical requirement / Functionality, Disability percentage ബാധകമാണ്.

10. ഭിന്ന ശേഷി തസ്തികകൾക്ക് അനുയോജ്യമായി കണ്ടെത്തിയ കോമൺ കാറ്റഗറി തസ്തികകൾ Physical Requirement, Disability type , Disability percentage എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള പട്ടിക അനുബന്ധം ഒന്നായും മെഡിക്കൽ സർട്ടിഫിക്കറ്റ് മാതൃക അനുബന്ധം രണ്ടായും ചേർക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ബിജു പ്രഭാകർ ഐ.എ.എസ്**
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
കമ്മീഷണർ, ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും / എല്ലാ വകുപ്പ് മേധാവികൾക്കും
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Jasmin Thomas
സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

General Education Department -Appointments in Aided Institutions-Reservation for Persons With Disabilities - Orders Issued

**GENERAL EDUCATION (J) DEPARTMENT**

G.O.(P)No.19/2021/GEDN Dated,Thiruvananthapuram, 08/11/2021

Read 1 G.O(P)No.61/2012/SWD dated 17.10.2012
2 G.O(P)No.1/2013/SJD dated 3/1/2013
3 G.O(P)No.30/2013/SJD dated 04/04/2013
4 G.O(P)No.1/2015/SJD dated 5/1/2015
5 G.O(P)No.18/2017/SJD dated 14/9/2017
6 G.O(P)No.18/2018/SJD dated 18.11.2018

**ORDER**

In accordance with the directions contained in the Government Order read as sixth paper above, the following orders are issued to all Managers of aided institutions coming under the General Education Department,:-

(i) To ensure 3% reservation of the total number of vacancies in the cadre strength in appointments in aided schools to the posts which are identified as suitable for persons with disabilities and issued vide Government Orders read as 1st to 5th papers above, with effect from 07.02.1996 and to fill the backlog from 07.02.1996 to 18.04.2017 as per the provisions of Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995 with immediate effect.

(ii) To provide 4% reservation of the total number of vacancies in the cadre strength in appointments in aided schools to the posts which are identified/to be identified as suitable for persons with disabilities with

effect from 19.04.2017 as per the provisions of Rights of Persons with Disabilities Act, 2016.

2. It is also ordered that immediate steps should be taken to calculate backlog of vacancies in schools and to fill up the same in the arising vacancies.

3. The Director of General Education shall ensure implementation of the above directions as well as reservation as prescribed in the Government Order read as 6th paper above in regard to identification, selection and appointment in all aided institutions is strictly followed.

(By order of the Governor)
A P M Mohammed Hanish
Principal Secretary

To:
Director of General Education, Thiruvananthapuram
All Managers of Aided institutions(through District Educational Officers, Assistant Educational Officers concerned)
All Deputy Directors of Education, District Educational Officers, Assistant Educational Officers (Through DGE)
Advocate General, Ernakulam (with C/L)
Accountant General (Audit/A&E), Kerala, Thiruvananthapuram
Executive Director, KITE, Thiruvananthapuram (for publishing in the website)
Information and Public Relations (Web&New Media) Department (for publishing in the website)
Stock File/Office Copy

Forwarded /By order
Signed by Deepa P R
Date: 09-11-2021 11:10:57
Reason: Approved
Section Officer

Copy to:-
Private Secretary to the Hon'ble Minister (General Education & Labour)
PA to the Principal Secretary, General Education Department

MENTORS KERALA

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്**

സ.ഉ.(കൈ) നം.111/2022/GEDN തീയതി, തിരുവനന്തപുരം, 25-06-2022

---

പരാമർശം:- 1. സ.ഉ(പി) നം.18/2018/സാ.നീ.വ തീയതി 18.11.2018

2. സ.ഉ(പി) നം.5/2019/സാ.നീ.വ തീയതി 07/05/2019

3. സ.ഉ(പി) നം.19/2020/സാ.നീ.വ തീയതി 25/08/2020

4. സ.ഉ(പി) നം.19/2021/പൊ.വി.വ തീയതി 08/11/2021

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കി പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു. മേൽ സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1) ഭിന്നശേഷി സംവരണം ഇതുവരെയും നടപ്പാക്കാത്ത സ്ഥാപനങ്ങൾ 07/02/1996 മുതൽ 18/04/2017 വരെ നടത്തിയ നിയമനങ്ങളിൽ 3% വും 19/04/2017 മുതൽ നടത്തിയ നിയമനങ്ങളിൽ 4%വും ബാക്ക് ലോഗ് ഒഴിവുകളായി കണക്കാക്കി 08/11/2021 മുതൽ ഒഴിവ് വരുന്ന തസ്തികകളിൽ സംവരണം നടപ്പാക്കേണ്ടതാണ്. നിലവിൽ ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ട് എങ്കിൽ ആ നിയമനങ്ങൾ ബാക്ക് ലോഗിൽ കുറവ് വരുത്താവുന്നതാണ്.

2) ഭിന്നശേഷി സംവരണം ഇതുവരെയും നടപ്പാക്കാത്ത സ്ഥാപനങ്ങൾ 07/02/1996 മുതൽ 18/04/2017 വരെ നടത്തിയ നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷിക്കാർക്കായുള്ള 3% നിയമനത്തിനായി 33 വീതമുള്ള ഓരോ ബ്ളോക്കിലും 19/04/2017 മുതലുള്ള നിയമനങ്ങളിൽ 4% നിയമനത്തിനായി 25 വീതമുള്ള ഓരോ ബ്ളോക്കിലും ആദ്യ തസ്തിക ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത് റിസർവേഷൻ റോസ്റ്റർ റൊട്ടേഷൻ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.മുൻഗണനാക്രമം

(1) കാഴ്ച പരിമിതർ

(2) ശ്രവണ പരിമിതർ

(3) അംഗവൈകല്യമുള്ളവർ

(4) ലോക്കാമോട്ടർ ഡിസബിലിറ്റി/സെറിബ്രൽ പാൾസി എന്ന രീതിയിലാകണം.

3) റൊട്ടേഷൻ വ്യവസ്ഥ പ്രകാരം അദ്ധ്യാപക/ അനദ്ധ്യാപക തസ്തികയിലെ ഏത് വിഭാഗത്തിൽപ്പെട്ട തസ്തികകളെ ഭിന്നശേഷി സംവരണത്തിൽ ഉൾപ്പെടുത്തുമെന്ന് 25.08.2020-

ലെ GO(P) No.19/2020/SJD, 07/05/2019-ലെ GO(P) No.5/19/SJD എന്നീ ഉത്തരവുകൾ പ്രകാരം സാമൂഹ്യനീതി വകുപ്പ് വ്യക്തമാക്കിയിരുന്നു. അതുപ്രകാരം അർഹതപ്പെട്ട വിഷയങ്ങൾക്ക് സംവരണം ലഭിക്കുന്ന രീതിയിൽ റൊട്ടേഷനിലായിരിക്കണം നിയമനം നടത്തേണ്ടത്.

4) റൊട്ടേഷനടിസ്ഥാനത്തിൽ തസ്തിക നിശ്ചയിക്കുമ്പോൾ നിലവിൽ 4% ഭിന്നശേഷിക്കാരുള്ള വിഭാഗത്തിലെ തസ്തിക തന്നെ വന്നാൽ അടുത്ത വിഭാഗം തസ്തികയിലേക്ക് സംവരണം മാറ്റി നിശ്ചയിക്കാവുന്നതാണ്.

5) ഭിന്നശേഷിക്കാർക്കായി സംവരണം ഉൾപ്പെടുത്തിയ റോസ്റ്റർ അതാത് മാനേജ്മെന്റുകൾ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഈ റോസ്റ്ററിന്റെ പകർപ്പ് നിയമനാംഗീകാര പ്രപ്പോസലിനോടൊപ്പം ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.ഭിന്നശേഷിക്കാർക്കായി സംവരണം ഉൾപ്പെടുത്തിയ റോസ്റ്ററിന്റെ പകർപ്പ് ഹയർസെക്കന്ററി അദ്ധ്യാപക നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്കുള്ള സർക്കാർ നോമിനിക്കായി അപേക്ഷിക്കുന്ന സമയത്തും മാനേജർ സമർപ്പിക്കേണ്ടതാണ്.

6) ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത തസ്തികയിൽ Back log ഉൾപ്പടെയുള്ള നിയമനം നടത്തുന്നതിനായി സ്കൂൾ മാനേജർ, അർഹതയുള്ള ഭിന്നശേഷിക്കാരുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെടേണ്ടതും, അപ്രകാരം ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതുമാണ്. പ്രസ്തുത ലിസ്റ്റ് നിയമന പ്രപ്പോസലിനോടൊപ്പം മാനേജർ സമർപ്പിക്കേണ്ടതാണ്.യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത പക്ഷം പ്രധാനപ്പെട്ട 3 മലയാളം ദിനപത്രങ്ങളിലും 2 ഇംഗ്ലീഷ് ദിനപത്രങ്ങളിലും നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം നൽകേണ്ടതാണ്.

7) അതിനുശേഷവും മതിയായ വ്യക്തികളെ ലഭ്യമല്ലാതെ വന്നാൽ RPWD Act 2016 സെക്ഷൻ 34(2) ലെ വ്യവസ്ഥകൾ പാലിച്ച് നിയമനം നടത്തേണ്ടതാണ്.

8) ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി തസ്തികകളെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി (സീനിയർ), ഹയർ സെക്കന്ററി (ജൂനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി (സീനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി (ജൂനിയർ), നോൺ ടീച്ചിംഗ് എന്നിങ്ങനെ പ്രത്യേകം കേഡറുകളായി നിശ്ചയിക്കാവുന്നതാണ്.

9) കെ.ഇ.ആർ അദ്ധ്യായം 14 എ ചട്ടം 1(1) പ്രകാരവും 43, 51എ, 51ബി, അദ്ധ്യായം 24എ ചട്ടം 9 എ അവകാശികൾക്ക് വിധേയമായി മാത്രവും ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തേണ്ടതാണ്.

10) clause 2 ൽ പറഞ്ഞിട്ടുള്ള തരത്തിൽ നിയമനം നടത്തിയ ശേഷം പ്രസ്തുത രജിസ്റ്ററിന്റെ (Roster) പകർപ്പ്, മാനേജർ പ്രപ്പോസലിനൊപ്പം നിയമനാധികാരിക്ക് സമർപ്പിക്കേണ്ടതുമാണ്. നിയമനാംഗീകാരം നൽകുന്നതിന് ബാക്ക് ലോഗ് റൊട്ടേഷൻ എന്നിവ പാലിച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

11) ഒന്നോ അതിൽ കൂടുതലോ സ്കൂളുകൾ ഉള്ള സിംഗിൾ /കോർപ്പറേറ്റ് മാനേജർമാർ അവരുടെ മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് ബാക്ക് ലോഗ് കണക്കാക്കി മേൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിച്ച് സംവരണത്തിനായി നീക്കിവെക്കുന്ന ഒഴിവുകളുടെ വിവരങ്ങൾ സ്കൂൾ സഹിതമുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇത്തരം ലിസ്റ്റുകൾ നിയമനാംഗീകാര പ്രൊപ്പോസലിനൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.

12) 08/11/2021 -ലെ G.O(P) No.19/21/G.Edn ഉത്തരവ് പ്രകാരം ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനം ഈ ഉത്തരവ് തീയതിയ്ക്ക് ശേഷം ഉണ്ടാകുന്ന ഒഴിവുകളിലായിരിക്കും എന്ന്

വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജി.ഒ(പി) നം.19/21/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07/11/2021 വരെ മാനേജർമാർ നടത്തിയ നിയമനം ബഹു. ഹൈക്കോടതിയിൽ ഈ വിഷയത്തിൽ നിലനിൽക്കുന്ന കേസുകളുടെ വിധി വന്നശേഷം പ്രസ്തുത വിധിക്കനുസൃതമായി മാത്രമേ അംഗീകരിക്കുകയുള്ളൂ. 08/11/2021 ന് ശേഷമുള്ള നിയമനങ്ങളിൽ ബാക്ക് ലോഗ് (07/02/1996 മുതൽ 07/11/2021) ഉൾപ്പെടെയുള്ള ഭിന്നശേഷി സംവരണം പാലിച്ച് മാത്രം മാനേജർമാർ നിയമനം നടത്തേണ്ടതും, ആയത് പരിശോധിച്ച് മാത്രം വിദ്യാഭ്യാസ ആഫീസർമാർ അംഗീകാരം നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം )
എല്ലാ എയ്ഡഡ് സ്കൂളുകളുടെയും മാനേജർമാർക്ക് (ഡി ഇ ഒ/എ ഇ ഒ മുഖാന്തിരം)
എല്ലാ ആർ ഡി ഡി/വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന )
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ(വെബ്&ന്യൂ മീഡിയ )/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
സാമൂഹ്യനീതി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sindhu Lal
Date: 25-06-2022 15:08:11

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ - ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ(ജെ)വകുപ്പ്

സ.ഉ.(കൈ) നം.162/2022/GEDN തീയതി,തിരുവനന്തപുരം, 19-09-2022

പരാമർശം:-
1. സ.ഉ(പി)നം.18/2018/സാ.നീ.വ തീയതി 18.11.2018
2. സ.ഉ(പി)നം.05/2019/സാ.നീ.വ തീയതി 07.05.2019
3. സ.ഉ(പി)നം.19/2020/സാ.നീ.വ തീയതി 25/08/2020
4. സ.ഉ(കൈ)നം.111/2022/പൊ.വി.വ തീയതി 25.06.2022
5. WP(C)19808/21 കേസിലെയും മറ്റ് അനുബന്ധ കേസുകളിലെയും 10.08.2022-ലെ അന്തിമ വിധിന്യായം.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലവിലിരുന്ന WP(C)19808/21, മറ്റ് അനുബന്ധ കേസുകളുടെയും അന്തിമവിധി പ്രകാരം പരാമർശം 4 ഉത്തരവിലെ മാർഗ്ഗനിർദ്ദേശം 1-ൽ പ്രതിപാദിച്ചിരുന്ന "08/11/2021 മുതൽ ഒഴിവ് വരുന്ന തസ്തികകളിൽ" എന്നത് 18/11/2018 മുതൽ ഒഴിവ് വരുന്ന തസ്തികകൾ എന്നാക്കി ഭേദഗതി വരുത്തിയും മാർഗ്ഗനിർദ്ദേശം 12 റദ്ദ് ചെയ്തും ഇതിനാൽ ഉത്തരവാകുന്നു.

2) മേൽ ഭേദഗതിയോടെ പരാമർശം 4 ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ എയ്ഡഡ് സ്കൂളുകളുകളുടെയും മാനേജർമാർക്ക് (ഡി.ഇ.ഒ/എ.ഇ.ഒ മുഖാന്തിരം)
എല്ലാ ആർ.ഡി.ഡി/വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്,തിരുവനന്തപുരം (വെബ്സൈറ്റിൽ

സ.ഉ.(കൈ) നം.162/2022/GEDN

പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ(വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ് ,വിവര പൊതുജന സമ്പർക്ക വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്/എ&ഇ),കേരള,തിരുവനന്തപുരം

സാമൂഹ്യനീതി വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by N.k. Sheena
Date: 20-09-2022 16:07:30

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ജോയിൻറ് സെക്രട്ടറിയുടെ സി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"



കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2016-ലെ Rights of Persons with Disabilities Act - ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ 654 തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.7/2022/SJD തീയതി,തിരുവനന്തപുരം, 28-10-2022

പരാമർശം:-
1. സ.ഉ.(അച്ചടി) നം. 8/2018/സാ.നീ.വ. തീയതി 19.06.2018.
2. സ.ഉ.(അച്ചടി) നം. 12/2019/സാ.നീ.വ. തീയതി 31.10.2019.
3. സ.ഉ.(അച്ചടി) നം. 19/2020/സാ.നീ.വ. തീയതി 25.08.2020.
4. 04.08.2022-ലെ സാമൂഹ്യനീതി ഡയറക്ടറുടെ SJD/102054/2019/D3 നമ്പർ കത്ത്.
5. 11.08.2022-ലെ എക്സ്പെർട്ട് കമ്മിറ്റി യോഗത്തിന്റെ നടപടി കുറിപ്പ്.

**ഉത്തരവ്**

Persons with Disabilities (Equal Opportunities and Full Participation) Act 1995 റദ്ദ് ചെയ്തുകൊണ്ട് നിലവിൽ വന്ന Rights of Persons with Disabilities Act 2016-ന്റെ section 34 പ്രകാരം ഭിന്നശേഷി സംവരണം 3% ൽ നിന്നും 4% ആയി ഉയർത്തുന്നതിനും ആയത് താഴെപ്പറയുന്ന ഭിന്നശേഷി വിഭാഗങ്ങൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(a) Blindness and low vision

(b) Deaf and hard of hearing

(c) Locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy:

(d) Autism, intellectual disability, specific learning disability and mental illness.

(e) Multiple disabilities from amongst persons under clauses (a) to (d) including deaf-blindness.

2. ടി ആക്ടിന്റെ section 34-ൽ പ്രതിപാദിക്കുന്ന ഭിന്നശേഷി വിഭാഗങ്ങൾക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കണമെന്ന് സെക്ഷൻ 33(ii) വിവക്ഷിച്ചിരിക്കുന്നു. ആയത് പരാമർശം ( 1 ) പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

3. സംസ്ഥാന സർക്കാർ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം 3%-ത്തിൽ നിന്നും

4% ആയി ഉയർത്തി പരാമർശം (2) പ്രകാരം പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ 49 കോമൺ കാറ്റഗറി തസ്തികകൾക്ക് 4 % ഭിന്നശേഷി സംവരണം അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. Rights of Persons with Disabilities Act 2016 പ്രകാരമുള്ള 4% ഭിന്നശേഷി സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് നിഷ് മുഖേന തയ്യാറാക്കിയിട്ടുള്ള അസസ്സ്മെന്റ്, മോണിറ്ററിംഗ് കമ്മിറ്റി വിശദമായി പരിശോധിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ഫങ്ഷണാലിറ്റി അസസ്സ്മെന്റ് റിപ്പോർട്ട് പരാമർശം ( 4 ) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

6. പരാമർശം 5 പ്രകാരം ചേർന്ന എക്സ്പേർട്ട് കമ്മിറ്റി യോഗത്തിൽ വിവിധ വകുപ്പുകളിലെ ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ 654 തസ്തികകളുടെ Functionality Assessment പരിഗണിച്ചു. പരാമർശം (4) റിപ്പോർട്ട് പ്രകാരമുള്ള വിവിധ വകുപ്പുകളിലെ 654 തസ്തികകളുടെ nature of work-ന്റെയും 2018-ലെ കേന്ദ്ര സർക്കാരിന്റെ Disability Assessment Guidelines-ന്റെയും അടിസ്ഥാനത്തിൽ Rights of Persons with Disabilities Act 2016-ലെ section 34(i) വിവക്ഷിക്കുന്ന ഭിന്നശേഷി വിഭാഗങ്ങളുടെ Functionality Assessment പരാമർ ശം (1) പ്രകാരം രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും, ടി തസ്തികകൾ ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തുവാൻ കമ്മിറ്റി പരാമർ ശം (5) പ്രകാരം ശുപാർശ ചെയ്യുകയുമുണ്ടായി. കൂടാതെ ഈ വിഷയത്തിൽ ചുവടെ ചേർക്കും പ്രകാരവും തീരുമാനിച്ചു.

(i) മോണിറ്ററിംഗ് കമ്മിറ്റി സമർപ്പിച്ച കരടിൽ മാറ്റങ്ങൾ വരുത്തി, പുതുക്കിയ ഫങ്ഷണാലിറ്റി അസസ്സ്മെന്റ് സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

(ii) കോമൺ കാറ്റഗറി സംബന്ധിച്ച് നിലവിലുള്ള 25.08.2020-ലെ സ.ഉ.(അച്ചടി) നം. 19/2020/സാ.നീ.വ. സർക്കാർ ഉത്തരവ് നിലനിൽക്കുന്നതിനാൽ, ആയതിൽ അജണ്ട 1 പ്രകാരം എക്സ്പേർട്ട് കമ്മിറ്റി അംഗീകരിച്ച കരട് പ്രകാരമുള്ള ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചു. ആയതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 11.08.2022-ലെ എക്സ്പേർട്ട് കമ്മിറ്റി ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തുവാൻ ശുപാർശ ചെയ്തിട്ടുള്ള അനുബന്ധമായി ചേർത്തിട്ടുള്ള വിവിധ വകുപ്പുകളിലെ 6 5 4 തസ്തികകളുടെ Functionality Assessment അംഗീകരിച്ചുകൊണ്ടും ടി തസ്തികകളിൽ 4% ഭിന്നശേഷി സംവരണം അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു. കോമൺ കാറ്റഗറി തസ്തികയിൽ 4 % ഭിന്നശേഷി സംവരണം അനുവദിച്ചുകൊണ്ടുള്ള പരാമർശം 3 ലെ സർക്കാർ ഉത്തരവ് പ്രാബല്യത്തിലുള്ളതിനാൽ, എക്സ്പേർട്ട് കമ്മിറ്റി മിനിട്ട്സ് അംഗീകരിച്ച പ്രകാരമുള്ള ഭേദഗതികൾ വരുത്താനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാനാവശ്യമായ നടപടി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

8. ഭിന്നശേഷിക്കാർ ക്ക് അനുയോജ്യമായി കണ്ടെത്തിയ തസ്തികകളുടെ Functionality Assessment വ്യക്തമാക്കിക്കൊണ്ടുള്ള പട്ടിക അനുബന്ധം I ഉം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധം II ഉം ആയി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(അച്ചടി) നം.7/2022/SJD

ശ്രീകല എസ്
ജോയിന്റ് സെക്രട്ടറി

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം ഉൾപ്പെടെ)

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ നിയമനാധികാരികൾക്കും

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് പൂജപ്പുര, തിരുവനന്തപുരം.

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി)

ഉത്തരവിൻ പ്രകാരം
**Signed by Jasmine Thomas**
**Date: 28-10-2022 14:04:39**
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്